**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 75** **24-06-2026-ൽ മറുപടിയ്ക്ക്**

**ആശ്വാസകിരണം പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ആശ്വാസകിരണം പദ്ധതിയുടെ ധനസഹായ തുക വർഷങ്ങളായി കുടിശ്ശികയായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ആശ്വാസകിരണം പദ്ധതി പ്രകാരം നിലവിൽ ഗുണഭോക്താക്കൾക്ക് കുടിശ്ശിക അനുവദിക്കുവാനില്ല. സ.ഉ (സാ.ധാ) നം:164/2025/സാ.നീ.വ തീയ്യതി 23.6.2025 പ്രകാരം ഓരോ സാമ്പത്തിക വർഷത്തിലും പദ്ധതി ഗുണഭോക്താക്കളുടെ ലൈഫ് സർട്ടിഫിക്കറ്റ്, പുതുക്കിയ വ്യക്തി വിവരങ്ങൾ എന്നിവ ലഭ്യമാക്കേണ്ടതാണെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ രേഖകൾ ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമേ കുടിശ്ശിക അനുവദിക്കേണ്ടതുള്ളുവെന്നും ഉത്തരവായിട്ടുണ്ട്. യഥാസമയം രേഖകൾ ഹാജരാക്കാത്തവർക്ക് കുടിശ്ശിക അനുവദിക്കുന്നതല്ലെന്നും രേഖകൾ ഹാജരാക്കുന്ന മാസം മുതലുള്ള തുകയെ അനുവദിക്കുകയുള്ളുവെന്നും ഗുണഭോക്താക്കളെ അറിയിക്കേണ്ടതാണെന്നും ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ രേഖകൾ ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രമേ കുടിശ്ശിക അനുവദിച്ചു വരുന്നുള്ളൂ. 2025-2026 സാമ്പത്തിക വർഷം ആശ്വാസകിരണം പദ്ധതി പ്രകാരം യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ 30728 ഗുണഭോക്താക്കൾക്ക് 2026 മാർച്ച് മാസം വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

ആശ്വാസകിരണം പദ്ധതി പ്രകാരം ധനസഹായത്തിനായി 2018 ഏപ്രിൽ 1 മുതൽ ലഭിച്ച പുതിയ അപേക്ഷകൾ പരിഗണിക്കുന്നതിന് 12.1.2026 ലെ സ.ഉ (കൈ) നം: 1/2026/സാ.നീ.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ Permanent Neurological disability വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം അനുവദിച്ചുവരുന്നത്. പ്രായാധിക്യം കൊണ്ടും മറ്റ് ഗുരുതരരോഗങ്ങളാലും കിടപ്പിലായ അപേക്ഷകരിൽ ഓരോരോ കേസുകളായി പരിഗണിച്ച് സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം അർഹത ഉള്ളവരെന്ന് കണ്ടെത്തുന്നവർക്ക് അടിയന്തിരമായി ധനസഹായം അനുവദിക്കുന്നതാണ്. പുതിയ അപേക്ഷകരിൽ നിന്നും പുതുക്കിയ വ്യക്തി വിവരങ്ങളും ലൈഫ് സർട്ടിഫിക്കറ്റും ശേഖരിച്ച ശേഷം മാത്രം ആനുകൂല്യം അനുവദിക്കുവാനാണ് ഉത്തരവായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ വ്യക്തി വിവരങ്ങളും ലൈഫ് സർട്ടിഫിക്കറ്റും ഹാജരാക്കിയ ഗുണഭോക്താക്കൾക്കും 2026 മാർച്ച് മാസം വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്.

**(ബി)** എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ കുടിശ്ശികയില്ല

**(സി)** കുടിശ്ശിക പൂർണ്ണമായും കൊടുത്ത് തീർക്കുന്നതിനായി സത്വര നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിൽ കുടിശ്ശികയില്ല

**(ഡി)** ആശ്വാസ കിരണം പദ്ധതിയുടെ ധനസഹായ തുക ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് തീരുമാനം എടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**